പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 88 　　　　12.12.2012 ൽ മറുപടിയ്ക്ക്

ബ്ലഡ് ബാങ്കിൽ നിന്നും രക്തം ഒഴുക്കികളഞ്ഞ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെങ്കിലും ബ്ലഡ് ബാങ്കിൽ നിന്നും രക്തം ഉപയോഗ യോഗ്യമല്ലാത്തതിനാൽ ഒഴുക്കികളഞ്ഞിട്ടു ണ്ടോ ; | (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ രക്ത ബാങ്കിൽ ഉപയോഗ യോഗ്യമല്ലാതായ രക്തം നശിപ്പിച്ച് കളഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ അതിനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) രക്തം സൂക്ഷിച്ച് വയ്ക്കുന്ന ശീതീകരണ സംവിധാനത്തിനുണ്ടായ തകരാറിനെ തുടർന്നാണ് രക്തം ഉപയോഗ യോഗ്യമല്ലാതായത്. |
| (സി)വിലയേറിയ രക്തം ഇപ്രകാരം ഉപയോഗശൂന്യമാകാതിരിക്കാൻ ബ്ലഡ് ബാങ്കുകളിൽ ആട്ടോമാറ്റിക് ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) രക്തഘടക വേർതിരിക്കൽ യൂണിറ്റുകളുള്ള എല്ലാ രക്ത ബാങ്കുകളിലും ഓട്ടോമാറ്റിക് ജനറേറ്റർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ